# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 354 :** **26/06/2012- ൽ മറുപടിക്ക്**

**സ്വയം തൊഴിൽ പദ്ധതികൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ. ഹൈബി ഈഡൻ :**
**" എം. പി. വിൻസെന്റ് :**
**" ഷാഫി പറമ്പിൽ :**
**" അൻവർ സാദത്ത് :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വ്യവസായ വകുപ്പിന്റെ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; പരമാവധി എന്ത് തുകയാണ് വായ്പയായി നൽകുന്നത്; | (എ) | ദേശീയതലത്തിൽ ഭാരത സർക്കാരിന്റെ "പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി" (പിഎംഇജിപി)- യുടെ നടത്തിപ്പിന് ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ (കെ.വി.ഐ.സി) നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.<br>കേരളത്തിൽ പ്രസ്തുത പദ്ധതി ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ, ഖാദി ഗ്രാമ വ്യവസായ ബോർഡ്, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നീ ഏജൻസികൾ മുഖേനയും നടപ്പാക്കി വരുന്നു.<br>പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പി.എം.ഇ.ജി.പി) വഴി അർഹരായ സംരംഭകർക്ക് വ്യവസായം തുടങ്ങുന്നതിനായി ഉല്പാദന മേഖലയിൽ 25 ലക്ഷം വരെയും സേവനമേഖലയിൽ 10 ലക്ഷം വരെയും സഹായധനം നൽകി വരുന്നു.<br>കൂടാതെ 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംരംഭകത്വ സഹായ പദ്ധതി (Entrepreneurship Support Scheme) മുഖാന്തിരം യുവ സംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ (fixed capital investment)-ന്റെ 20 ശതമാനം (പരമാവധി 15 ലക്ഷം രൂപ വരെ) സഹായധനം നൽകാൻ ലക്ഷ്യമിടുന്നു. ഇതിന്റെ നടപടിക്രമം പൂർത്തിയായി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇവർക്കായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പരിശീലന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി പ്രകാരം ബാങ്കിൽ നിന്നും അംഗീകാരം ലഭിച്ച ശേഷം വായ്പയുടെ ആദ്യ ഗഡു ലഭിക്കുന്നതിൻ മുമ്പായി സംരംഭകർ പരിശീലനം നേടേണ്ടതുണ്ട്.<br><br>വരുംകാല സംരംഭകർക്ക് വേണ്ടി എന്റർപ്രെണേഴ്സ് ഡെവലപ്മെന്റ് പ്രോഗ്രാം (ഇഡിപി), ടെക്നോളജി ക്ലിനിക്കും നടപ്പിലാക്കി വരുന്നു. പിഎംഇജിപി പദ്ധതി വഴി സഹായം ആവശ്യമുള്ള സംരംഭകർക്ക് വേണ്ടി അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി പ്രത്യേക പരിശീലന പരിപാടികൾ വ്യവസായ വകുപ്പ് നടത്തി വരുന്നു.<br><br>കൂടാതെ വ്യവസായ വകുപ്പ് മുഖാന്തിരം സംരംഭകർക്ക് സംരംഭകത്വ വികസന പരിശീലന പരിപാടി നടത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**